(ബി) അഫിലിയേഷൻ നൽകിയിട്ടുള്ള സംഘങ്ങളുടെ പേരും വിലാസവും അനുബന്ധമായി ചേർക്കുന്നു. *

(സി) തൃക്കരിപ്പൂർ അഗ്രിക്കൾച്ചർ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി എസ്.391-ന് ജില്ലാ സഹകരണ ബാങ്കിൽ അഫിലിയേഷനുവേണ്ടി അപേക്ഷ നൽകിയിട്ടും അഫിലിയേഷൻ ലഭിച്ചില്ലെന്നുകാട്ടി കാസർഗോഡ് ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന് പരാതി ലഭിക്കുകയും ടി പരാതിയിന്മേൽ റിപ്പോർട്ട് സമർപ്പിക്കാൻ ജോയിന്റ് രജിസ്ട്രാർ (ജനറൽ) കാസർഗോഡ് ജില്ലാ ബാങ്കിനോട് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. സംഘത്തിന് അഫിലിയേഷൻ നൽകുന്നതിനുള്ള അപേക്ഷ ബാങ്ക് നിർവ്വാഹക സമിതിയുടെ പരിഗണനയിലാണെന്ന് ജില്ലാ സഹകരണ ബാങ്ക് അറിയിച്ചിട്ടുണ്ട്.

കൺസ്യൂമർഫെഡിലെ അഴിമതി

126(2327) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡ് ഡയറക്ടർ ബോർഡ് പിരിച്ചുവിടേണ്ടിവന്ന സാഹചര്യം വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം അഴിമതികളാണ് കൺസ്യൂമർ ഫെഡുമായി ബന്ധപ്പെട്ട് ഉയർന്നു വന്നിട്ടുള്ളത്; വിശദവിവരം നൽകുമോ;

(സി) പ്രസ്തുത വിഷയത്തിൽ ആർക്കെല്ലാം എതിരെ എന്തെല്ലാം അന്വേഷണങ്ങളാണ് നടക്കുന്നത്; വിശദ വിവരം നൽകുമോ;

(ഡി) എത്രകോടി രൂപയുടെ അഴിമതിയാണ് ഇതുമായി ബന്ധപ്പെട്ട് ഉയർന്നു വന്നിട്ടുള്ളത്; വിശദമാക്കുമോ?

ഉത്തരം

(എ) കൺസ്യൂമർഫെഡിൽ നിലവിലുള്ള ഭരണസമിതിയെ പിരിച്ചുവിട്ടിട്ടില്ല. കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷനിൽ വിജിലൻസ് അന്വേഷണം നടക്കുന്ന സാഹചര്യത്തിലും കേരള സഹകരണ നിയമം, ചട്ടങ്ങൾ, നിയമാവലി വ്യവസ്ഥകൾ എന്നിവയുടെ അടിസ്ഥാനത്തിൽ കൺസ്യൂമർ ഫെഡറേഷൻ ഭരണസമിതി ചുമതലകളും ഉത്തരവാദിത്വങ്ങളും നിറവേറ്റുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തിയിട്ടുള്ളതായി സഹകരണ സംഘം രജിസ്ട്രാർക്ക് ബോധ്യപ്പെട്ട സാഹചര്യത്തിലും സഹകരണ നിയമം വകുപ്പ് 32(1)(ഡി) പ്രകാരവും 2011-ലെ 97-ാം ഭരണഘടനാ ഭേദഗതി നിയമം ഭാഗം IXB 243 ZL പ്രകാരവും കൺസ്യൂമർഫെഡ് ഭരണ സമിതിയെ സസ്പെന്റ് ചെയ്ത് തൽസ്ഥാനത്ത് അഡ്മിനിസ്ട്രേറ്ററെ നിയമിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സാമ്പത്തിക ക്രമക്കേടുകൾ, ജീവനക്കാരുടെ നിയമനം, നിർമ്മാണ പ്രവർത്തനങ്ങൾ, അനധികൃതമായ അഡ്വാൻസുകൾ, സ്റ്റോക്കിലെ ക്രമക്കേടുകൾ, അനുമതി കൂടാതെയുള്ള ചെലവുകൾ എന്നീ മേഖലകളുമായി ബന്ധപ്പെട്ടാണ് പ്രധാനമായും അഴിമതികൾ ഉയർന്നുവന്നിട്ടുള്ളത്.

(സി) പ്രസ്തുത വിഷയത്തിൽ കൺസ്യൂമർ ഫെഡറേഷനെതിരെയുള്ള ഗുരുതരമായ ക്രമക്കേടുകൾ, ഘടന, പ്രവർത്തനം, സാമ്പത്തിക സ്ഥിതി എന്നിവയെപ്പറ്റിയുള്ള സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണമാണ് നടന്നുവരുന്നത്. അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല. കൂടാതെ കൺസ്യൂമർ ഫെഡറേഷനിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മാനേജിംഗ് ഡയറക്ടറായിരുന്ന ഡോ. റിജി ജി. നായർ ഫെഡറേഷനിലെ ജീവനക്കാരായ ശ്രീ. ആർ. ജയകുമാർ, ശ്രീ. എം. ഷാജി, ശ്രീ. സ്വീഷ് സുകുമാരൻ, ശ്രീ. ഷാജു. കെ. എന്നിവർക്കെതിരെ വിജിലൻസ് അന്വേഷണവും നടന്നുവരുന്നു.

(ഡി) അന്വേഷണം നടന്നുവരുന്നതിനാൽ തുക കൃത്യമായി തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

കൺസ്യൂമർഫെഡിലെ ക്രമക്കേടുകൾ

127(2328) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡ് ഭരണസമിതിയെ സസ്പെൻഡ് ചെയ്തിട്ടുണ്ടോ ; എങ്കിൽ സസ്പെൻഡ് ചെയ്യാൻ കാരണം എന്താണെന്ന് വിശദമാക്കുമോ ;

(ബി) കൺസ്യൂമർഫെഡിലെ ക്രമക്കേടുകൾ കണ്ടെത്താൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആരെയാണെന്നും ക്രമക്കേടുകൾ സംബന്ധിച്ച റിപ്പോർട്ട് നൽകിയിട്ടുണ്ടോയെന്നും വിശദമാക്കുമോ ;

(സി) കൺസ്യൂമർ ഫെഡിൽ ഓപ്പറേഷൻ അന്നപൂർണ്ണ എന്ന പേരിൽ വിജിലൻസ് നടത്തിയ റെയ്ഡിൽ എന്തൊക്കെ ക്രമക്കേടുകളാണ് കണ്ടെത്തിയതെന്നും ഇതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ശിപാർശ ചെയ്തിട്ടുണ്ടെന്നും വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly